**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5697** **18/11/2019-ൽ മറുപടിയ്ക്ക്**

**ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയുടെ പ്രവർത്തനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി തസ്തിക സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി പുതിയ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച തീരുമാനങ്ങളൊന്നും നിലവിൽ കൈക്കൊണ്ടിട്ടില്ല. 2015 ജെ.ജെ ആക്ട് സെക്ഷൻ 27(3) പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് സെക്രട്ടറിയൽ സപ്പോർട്ട് നൽകണമെന്ന് പ്രതിപാദിക്കുന്നുണ്ട്. |
| (ബി) ബാലനീതി നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ ക്ഷേമ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ തസ്തികയിൽ നിശ്ചിത എണ്ണം മറ്റു തസ്തികയാക്കി മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആനുപാതികമായി പുതിയ തസ്തിക സൃഷ്ടിക്കുമോ; വിശദമാക്കുമോ; | (ബി) ക്ഷേമ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ തസ്തിക മറ്റു തസ്തികയാക്കി മാറ്റിയിട്ടില്ല. |
| (സി) വകുപ്പുവിഭജനത്തെത്തുടർന്ന് തസ്തിക നഷ്ടം സംഭവിച്ചതിലൂടെ ഉദ്യോഗക്കയറ്റം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണ് നഷ്ടമായത്; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) വകുപ്പ വിഭജനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ തസ്തിക നഷ്ടം സംഭവിച്ചിട്ടില്ല. വകുപ്പിൽ അനുവദിയ്ക്കപ്പെട്ടിരുന്ന തസ്തികകൾക്കനുസൃതമായാണ് ഇരു വകുപ്പുകളിലുമായി തസ്തികകൾ പുനർവിന്യസിച്ചിട്ടുള്ളത്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷേമ സ്ഥാപനങ്ങളിൽ പുതുതായി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ഇല്ല. |

**സെക്ഷൻ ഓഫീസർ**